# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം.

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.5690.

5.7.2013-ൽ
മറുപടിയ്ക്ക്

## സ്റ്റേറ്റ് ലെവൽ അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ ഏജൻസി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ:<br>ശ്രീപാലോട് രവി :<br>ശ്രീ.പി.സി.വിഷ്ണുനാഥ് :<br>ശ്രീ.കെ.ശിവദാസൻ നായർ : | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സ്റ്റേറ്റ് ലെവൽ അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ ഏജൻസി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ; | (എ) ഉണ്ട്. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണമേന്മയും അദ്ധ്യാപകരുടെ നിലവാരവും വിലയിരുത്തുന്നതിനായി ഒരു സ്റ്റേറ്റ് ലെവൽ അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിൽ രൂപീകരിക്കുന്നതിന് പ്രൊഫ.ഡോ.ജ്ഞാനം ചെയർമാനായി ഒരു സമിതി രൂപീകരിച്ചിരുന്നു. പ്രസ്തുത സമിതിയുടെ റിപ്പോർട്ട് സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ശുപാർശകളോടെ സർക്കാരിന് ലഭിച്ചിട്ടുണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) കേരളത്തിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും, അദ്ധ്യാപകരുടെയും, ഗുണനിലവാരം വിലയിരുത്തുക എന്നതാണ് ഉദ്ദേശിക്കുന്നത്.ഇതിന്റെ പ്രധാന ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ഉന്നത വിദ്യാഭ്യാസ രംഗത്ത് ഗുണനിലവാരം ഉറപ്പ് വരുത്തുവാൻ സഹായിക്കുക.<br>2. സ്വയം മൂല്യനിർണ്ണയം (self evaluation), സ്വയംഭരണം (autonomy) എന്നിവ പ്രോത്സാഹിപ്പിക്കൽ.<br>3. ഉന്നത വിദ്യാഭ്യാസ രംഗത്തുള്ള ഗവേഷണവും (Reasearch), പുതിയ രീതികളും ( innovation) ഉപയോഗപ്പെടുത്തുന്നതിന് വേണ്ടി, യൂണിവേഴ്സിറ്റികൾ, കോളേജുകൾ എന്നിവർക്ക് പ്രചോദനം നൽകുക.<br>4. ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണഭോക്താക്കളേയും, |

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ടവരേയും ഗുണമേന്മ നിർണ്ണയത്തിൽ പങ്കാളികളാക്കുക.<br>5. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അക്കാദമികമായ ലക്ഷ്യങ്ങൾ ബോധ്യപ്പെടുത്താൻ ശ്രമിക്കുക.<br>6. ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് വേണ്ടി, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കിടയിൽ ആരോഗ്യകരമായ മത്സരം പ്രോത്സാഹിപ്പിക്കുക.<br>7. അദ്ധ്യാപകരുടെ ഗുണമേന്മ ഉറപ്പ് വരുത്തുകയും, പ്രോത്സാഹിപ്പിക്കുകയും ചെയ്യുക. |
| (സി) | ഏത് ഏജൻസിയുടെ നേതൃത്വത്തിലാണ് ഇത് സ്ഥാപിക്കാനുദ്ദേശിക്കുന്നത് ; | (സി) യും ഡി) യും | കേരള സ്റ്റേറ്റ് ലെവൽ അസസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിൽ (KSAAC) എന്ന സ്വയംഭരണാവകാശമുള്ള ഒരു ഏജൻസിയെ ഏൽപ്പിക്കണം എന്നാണ് കൗൺസിൽ ശുപാർശ ചെയ്തിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട പ്രൊഫ.ഡോ.ജ്ഞാനം കമ്മിറ്റി റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. |
| ഡി) | ഇതിനായി എന്തെല്ലാം നടപടി എടുത്തിട്ടുണ്ട്? | | |

സെക്ഷൻ ഓഫീസർ